പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 3833 — 23.08.2017-ൽ മറുപടിയ്ക്ക്

## അടാട്ട് സർവ്വീസ് സഹകരണ ബാങ്കിലെ താൽക്കാലിക/കരാർ നിയമനങ്ങൾ

**ചോദ്യം**
**ശ്രീ.അനിൽ അക്കര**

**മറുപടി**
**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ 2017 ഏപ്രിൽ 12 ന് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നതിനു ശേഷം താൽക്കാലിക / കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏതു മാനദണ്ഡങ്ങൾ പ്രകാരമാണ് പ്രസ്തുത നിയമനങ്ങൾ നടത്തിയിട്ടുള്ളതെന്നും പ്രസ്തുത നിയമനങ്ങൾക്ക് സഹകരണ ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരമുണ്ടോയെന്നും അറിയിക്കുമോ; | (ബി) | 2017 ഏപ്രിൽ 12 ന് ബാങ്കിന്റെ രണ്ട് സൂപ്പർമാർക്കറ്റ്, നീതി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, റൈസ് മിൽ, അടയ്ക്ക മാർക്കറ്റ്, കൊപ്ര സംഭരണം എന്നീ മേഖലകളിൽ 91 പേർ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നു. ഇതിൽ 18 പേർ ഇപ്പോൾ വിവിധ കാരണങ്ങളാൽ സ്വയം ജോലി ഉപേക്ഷിച്ച് പോയിട്ടുണ്ട്. ഇവർ ഒഴിഞ്ഞു പോയപ്പോൾ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിക്കാതിരിക്കാൻ അതാതു മാനേജർമാർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ദിവസക്കൂലി കണക്കിൽ ഉൾപ്പെടുത്തി 4 പേരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

<table>
<tr><td></td><td></td><td></td><td>ബാങ്കിൽ താൽക്കാലികമായുണ്ടായ സുരക്ഷാ പ്രശ്നങ്ങളും മറ്റും മുൻ നിർത്തി സെക്യൂരിറ്റി സേവനത്തിനായി എക്സ് സർവ്വീസ്മെൻ ഏജൻസി മുഖാന്തിരം 3 പേരെ നിയോഗിച്ചിട്ടുമുണ്ട്. താൽക്കാലികമായി ഏർപ്പെടുത്തിയ ക്രമീകരണമാണ്. ആയതിന് ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം വാങ്ങിയിട്ടില്ല.</td></tr>
<tr><td>(സി)</td><td>നിയമനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അത് ഏതൊക്കെ തസ്തികയിലെന്നും അപ്രകാരം നിയമനം ലഭിച്ചവരുടെ പേരും വിലാസവും വ്യക്തമാക്കുമോ;</td><td>(സി)</td><td>
<table>
<tr><th>ക്രമനമ്പർ</th><th>പേര്</th><th>തസ്തിക</th><th>തീയതി</th></tr>
<tr><td>1</td><td>ലിയോൺസ്. സി. സെബാസ്റ്റ്യൻ,<br>ചിറ്റിലപ്പിള്ളി വീട്,<br>അമല</td><td>ഹെൽപ്പർ</td><td>03-05-2017</td></tr>
<tr><td>2</td><td>ജിന്റേ സി.വി.,<br>ചാലക്കൽ വീട്,<br>പുറനാട്ടുകര</td><td>ഹെൽപ്പർ</td><td>12.06.2017</td></tr>
<tr><td>3</td><td>സിജി.സി.ജെ.,<br>തെക്കേക്കര വീട്,<br>ചിറ്റിലപ്പിള്ളി</td><td>ഡി.റ്റി.പി. ഓപ്പറേറ്റർ</td><td>16.06.2017</td></tr>
<tr><td>4</td><td>ഷെറിൻ. ഇ.എസ്.,<br>എടകളത്തൂർ വീട്,<br>അമല നഗർ</td><td>ഡ്രൈവർ</td><td>01.08.2017</td></tr>
</table>
</td></tr>
<tr><td>((ഡി)</td><td>പ്രസ്തുത ജീവനക്കാർക്ക് നാളിതുവരെയായി നൽകിയിട്ടുള്ള വേതനം സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ?</td><td>(ഡി)</td><td>മുകളിൽ 'സി' ഉത്തരത്തിലെ ക്രമനമ്പർ (1) മുതൽ (3) വരെയുള്ളവർക്ക് മൊത്തം 57800/- രൂപയും സെക്യൂരിറ്റിയെ ഏർപ്പെടുത്തിയ ഇനത്തിൽ 13.04.2017 മുതൽ 09.08.2017 വരെ 498825/- രൂപയും ചെലവായിട്ടുണ്ട്. ഡ്രൈവർ തസ്തികയിൽ (ക്രമനമ്പർ (4)) 01.08.2017 ൽ നിയമിച്ചതിനാൽ ശമ്പളം നൽകിയിട്ടില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ